ഉത്തരം

(എ&ബി) നാഷണൽ തെർമൽ പവർ കോർപ്പറേഷനുവേണ്ടി 108.2 ഹെക്ടർ ഭൂമി 1989-98 കാലയളവിൽ സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇതിൽ ഉപയോഗപ്പെടുത്താത്ത ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. ടി ഭൂമി ഭാവിയിലെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് എൻ.റ്റി.പി.സി. സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

പുലമൺ തോടിലേക്കുള്ള അനധികൃത കയ്യേറ്റം

121 (1157) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെട്ടുന്ന പുലമൺ തോടിലേക്കുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി സർവ്വേ ചെയ്ത് സ്ഥലം രേഖപ്പെടുത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്, പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ആയതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) സർവ്വേ പ്രകാരം പുലമൺ തോടിന്റെ ഭാഗമായ എത്ര വിസ്തീർണം സ്ഥലം കയ്യേറിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുലമൺ തോട് കടന്നുപോകുന്ന കൊട്ടാരക്കര താലൂക്കിലെ മേലില, മൈലം, കുളക്കട എന്നീ പഞ്ചായത്തുകളിലെ തോട് പുറമ്പോക്ക് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. മൈലം വില്ലേജിന്റെ അതിർത്തി മുതൽ കൊട്ടാരക്കര ഫയർ സ്റ്റേഷൻ വരെയുള്ള ഭാഗം അളന്ന് അതിർത്തി അടയാളങ്ങൾ സ്ഥാപിച്ച് നൽകിയിട്ടുമുണ്ട്.

(ബി&സി) പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ തോട് പുറമ്പോക്ക് പുനർനിർണ്ണയം ചെയ്ത് അതിരടയാളങ്ങൾ സ്ഥാപിച്ച് സ്കെച്ച് സഹിതം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കയ്യേറ്റ സ്ഥലങ്ങളുടെ വിസ്തീർണ്ണം പ്രത്യേകം അളന്ന് റിക്കാർഡുകൾ തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly